# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. 2247

08.07..2015 - ൽ മറുപടിയ്ക്ക്

## പരമ്പരാഗത ചികിത്സാ രീതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. എം.എ വാഹീദ്<br>ശ്രീ. എ.റ്റി. ജോർജ്ജ്<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | പരമ്പരാഗത ചികിത്സാ രീതികളുടെ പരിപോഷണത്തിന് പുതിയ വകുപ്പ് രൂപീകരിക്കുന്നതിന് തീരുമാനമായോ ; വിശദമാക്കുമോ ; | (എ) | തീരുമാനമായിട്ടുണ്ട്. 18.06.2015 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 124/2015/ആകുവ പ്രകാരം ആയുഷ് വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. ഭാരതീയ ചികിത്സാ സമ്പ്രദായങ്ങളുടെ വികസനം ലക്ഷ്യമാക്കി ആയുർവേദം, യോഗയും പ്രകൃതി ചികിത്സയും, യുനാനി, സിദ്ധ, ഹോമിയോപ്പതി എന്നിവയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ആയിട്ടാണ് ആയുഷ് വകുപ്പ് രൂപീകരിച്ചിട്ടുള്ളത്. |
| (ബി) | പരമ്പരാഗത ചികിത്സാ രീതികളിൽ ഏതൊക്കെ വിഭാഗങ്ങളാണ് ഉൾപ്പെടുന്നതെന്നും ഇത് അഭിമുഖീകരിക്കുന്ന പ്രതിബന്ധങ്ങളെന്തെന്നും വിശദമാക്കുമോ ; | (ബി) | ഇതിൽ ആയുർവേദം, യോഗയും പ്രകൃതി ചികിത്സയും, യുനാനി, സിദ്ധ, ഹോമിയോപ്പതി എന്നീ ചികിത്സാ വിഭാഗങ്ങൾ ഉൾപ്പെടുന്നു. പ്രതിബന്ധങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത ചികിത്സയുമായി ബന്ധപ്പെട്ട് ചികിത്സകരുടെ നിയമനം, ആരോഗ്യ പരിപാലനം എന്നിവ എങ്ങനെയാണ് നിർവ്വഹിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) | കേന്ദ്ര ആയുഷ് മന്ത്രാലയം സെൻട്രൽ കൗൺസിൽ ഓഫ് ഇന്ത്യൻ മെഡിസിൻ, സംസ്ഥാന ആയുഷ് വകുപ്പ് മുതലായ വകുപ്പുകൾ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടേയും മാർഗ്ഗനിർദ്ദേശങ്ങളുടേയും സ്പെഷ്യൽ റൂളിന്റെയും അടിസ്ഥാനത്തിലാണ് ചികിത്സകരുടെ നിയമനം, ആരോഗ്യ പരിപാലനം എന്നിവ നിർവ്വഹിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | ബഡ്ജറ്റിൽ ഇതിനായി പണം വകയിരുത്തിയിട്ടുണ്ടോ ; കേന്ദ്ര സഹായം ലഭിക്കാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ? | (ഡി) | ഭാരതീയ ചികിത്സാ സമ്പ്രദായങ്ങളുടെ വികസനത്തിന് 2015-16 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 125 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കേന്ദ്ര സഹായം ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തേയ്ക്ക് നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് ആന്വൽ ആയുഷ് പ്ലാൻ പ്രകാരം 1106.747 ലക്ഷം രൂപയുടെ പ്രൊപ്പോസലും സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ